"ഭരണഭാഷ - മാതൃഭാഷ"
**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
*(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)*
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം.: 91 471 2514456, 2514575, 2514504
ഫാക്സ് : 0471 2554039
ഇമെയിൽ : secretary@kseb.in
വെബ് സൈറ്റ് : www.kseb.in CIN :U40100KL2011SGC027424

## സംഗ്രഹം

അധിവർഷത്തിലെ അധിക ദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കുന്നതിനുള്ള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് – കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രാബല്യ തീയതിയിൽ മാറ്റം വരുത്തി അംഗീകരിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്.

**കോർപ്പറേറ്റ് ഓഫീസ് (ഭരണം)**

**ബി.ഒ (എഫ്. റ്റി. ഡി) നമ്പർ. 78/2020 (എസ്റ്റാ. VIII/6110/2019). തിരുവനന്തപുരം, തീയതി, 01.02.2020.**

പരാമർശം:- (1) സ.ഉ(അച്ചടി നം.102/2019/ധന തീയതി 14.8-2019.
(2) BO(FTD) No.847/2019(LAS IV/2975/19) dated 15-11-2019.
(3)സെക്രട്ടറിയുടെ 20.01.2020 ലെ കുറിപ്പ് നമ്പർ എസ്റ്റാ. VIII/6110/2019 (അജൻഡ 74/1/20)

## ഉത്തരവ്

അധിവർഷത്തിലെ അധികദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കാനായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പരാമർശം (1) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അംഗീകരിച്ച് നടപ്പാക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവായെങ്കിലും ആയതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിലവിലുണ്ടായിരുന്ന ഒരു വിധിന്യായ തീയതിയായ 22.08.2019 ആണ് പ്രാബല്യം നല്കിയിരുന്നത്. പരാമർശം (1) ഉത്തരവിന്റെ സാമ്പത്തിക ആനുകൂല്യം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഇതു സംബന്ധിച്ച വിധിന്യായ തീയതിയായ 26.11.2018 മുതലാണ് അനുവദിച്ച് ഉത്തരവായിട്ടുള്ളത്. പ്രാബല്യ തീയതിയിലെ വ്യത്യാസം സംബന്ധിച്ച വിഷയം പരാമർശം (3) പ്രകാരം ഫുൾ ടൈം ഡയറക്ടർമാരുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടു. 22.01.2020 ലെ ഫുൾ ടൈം ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ 14.08.2019 ലെ സർക്കാർ ഉത്തരവ് സ.ഉ(അച്ചടി നം.102/2019/ധന പ്രകാരം സാമ്പത്തിക ആനുകൂല്യത്തിന് ബഹു. സുപ്രീം കോടതിയുടെ വിധിന്യായ തീയതിയായ 26.11.2018 നല്കിയിട്ടുള്ളതിനാൽ ടി ഉത്തരവ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അതേ തീയതി മുതൽ തന്നെ നടപ്പാക്കുന്നതിന് അനുമതി നല്കാൻ തീരുമാനിച്ചു.

കൂടാതെ അധിവർഷത്തിലെ അധികദിനങ്ങൾ കൂടി പരിഗണിച്ച് സേവനകാലം പുനർനിർണ്ണയിക്കുന്നതിനുള്ള 14.08.2019 ലെ സർക്കാർ ഉത്തരവ് സ.ഉ(അച്ചടി) നം.102/2019/ധന, 26.11.2018 മുതൽ തന്നെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ബാധകമാകുന്ന താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് നടപ്പാക്കാനും അനുമതി നല്കാൻ തീരുമാനിച്ചു.

(1) അധിവർഷത്തിലെ അധികദിനങ്ങൾ യോഗ്യ സേവനകാലത്തിൽ ഉൾപ്പെടുത്തുമ്പോൾ ജീവനക്കാരൻ/പെൻഷണർ സർവ്വീസ് കാലയളവിൽ വരുന്ന അധിവർഷങ്ങളിലെ അധികദിനങ്ങളിൽ (ഫെബ്രുവരി 29) സേവനത്തിലുണ്ടായിരുന്നുവെന്ന് (അർഹതപ്പെട്ട അവധി

ഉൾപ്പെടെ) സേവനപുസ്തകം/ശമ്പള ബിൽ രജിസ്റ്റർ/അക്വിറ്റൻസ് റോൾ എന്നിവ പരിശോധിച്ചാവണം ഉത്തരവ് നൽകേണ്ടത്.

(2) അധിവർഷത്തിലെ അധികദിനങ്ങളുടെ ആനുകൂല്യം ലഭിക്കുന്നതിന് വിരമിച്ച ജീവനക്കാർ ഈ ഉത്തരവ് തീയതി മുതൽ മൂന്നുമാസത്തിനകം അവസാനം ജോലി ചെയ്ത ഓഫീസ് മുഖാന്തിരം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്. കാലാവധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കേണ്ടതാണ്.

(4) ഉത്തരവിനുശേഷം വിരമിക്കുന്നവരുടെ കേസുകളിൽ യോഗ്യ സേവനകാലമായി പരിഗണിക്കുവാൻ കഴിയുന്ന അധിവർഷത്തിലെ അധിക ദിനങ്ങൾ സേവനകാലയളവിനൊപ്പം പെൻഷന് പരിഗണിച്ച് പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി പെൻഷൻ ഓതറൈസേഷൻ അതോറിറ്റിക്കു സമർപ്പിക്കേണ്ടതാണ്.

(5) നിലവിലുള്ള കോടതി കേസുകളിലും പുതുതായി ലഭിക്കുന്ന നിവേദനങ്ങളിലും ഉത്തരവ് തീയതിക്കുശേഷം വിരമിക്കുന്ന കേസുകളിലും ജീവനക്കാരന്റെ/പെൻഷണറുടെ അധിവർഷത്തിലെ അധികദിനങ്ങൾ സംബന്ധിച്ച് ഓഫീസ് മേധാവി സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന മാതൃകയിലുള്ള ഒരു സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിക്ക് നൽകേണ്ടതാണ്. പെൻഷൻ പുനർനിർണ്ണയിക്കുന്നതിന് പെൻഷന് യോഗ്യ സേവനകാലമായി പരിഗണിക്കുന്നതിന് ടി സാക്ഷ്യപത്രം പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി പെൻഷൻ ഓഥറൈസേഷന് സമർപ്പിക്കേണ്ടതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ച് കൊള്ളുന്നു.

**ഫുൾടൈം ഡയറക്ടർമാരുടെ**
**ഉത്തരവിൻ പ്രകാരം**
**(ഒപ്പ്)**
**ലേഖ.ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്:

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും.

പകർപ്പ്:-

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ചീഫ് എൻജിനീയർ (ഐ.ടി).
3. ചീഫ് വിജിലൻസ് ഓഫീസർ.
4. ടി.എ.റ്റു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി& എച്ച്.ആർ.എം)/ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി & എച്ച്.ആർ.എം)/ ഡയറക്ടർ (ട്രാൻസ്മിഷൻ സിസ്റ്റം ഓപ്പറേഷൻ, സേഫ്റ്റി ,കോർപ്പറേറ്റ് പ്ലാനിംങ് & ആർ.ഇ.ഇ. എസ്)/ ഡയറക്ടർ(ജനറേഷൻ - സിവിൽ)/ ഡയറക്ടർ (ജനറേഷൻ ഇലക്ട്രിക്കൽ & എസ്.സി.എം).
5. ഫിനാൻസ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ്.
6. കമ്പനി സെക്രട്ടറി ഇൻചാർജ്.
7. സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
8. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

അനുബന്ധം

സാക്ഷ്യപത്രം (Certificate)

No.

Place
Date

This is to certify that as per Attendance register/Pay bill register/Acquittance Role and Service Book* of Sri./ Smt ........................................................................ PEN....................... Designation...................................... Name of Office in regular service ** on February 29 of the leap years in his/her entire period of service. He/She is in regular service during the following leap years.

Eg: 1988 February 29
1992 February 29
1996 February 29
2000 February 29 etc.

Office Seal

Name, PEN, Designation & Signature
of the Head of Office

No.

Place
Date

The above furnished details are verified and found correct.

Office Seal

Name, PEN, Designation & Signature
of the Head of Office

* In the case of Gazetted Employees Accountant General shall verify the Entitlement Register

** Regular service means the service which is counted as qualifying service for pension as per KSR Part III